താന്നിക്കണ്ടി പാലത്തിന്റെ നിർമ്മാണം

1167. [1766] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ഡിവിഷനിലെ താന്നിക്കണ്ടി പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

തൃക്കണ്ണാപുരം കടവിൽ കടത്തു വള്ളം

1168. [1767] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന ആറിൽ തൃക്കണ്ണാപുരം കടവിൽ കുറെനാളുകളായി കടത്തുവള്ളം ഇല്ലായെന്നുള്ള പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഒരു വലിയ വള്ളം ലഭ്യമാക്കി എല്ലാ കാലവും കടത്തു നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ കിട്ടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

കല്ലട ജലസേചന പദ്ധതി

1169. [1773] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതി എന്നാണ് ഉത്ഘാടനം ചെയ്തത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി ചെലവായ തുകയെത്ര ;

(സി) പ്രസ്തുത പദ്ധതിയുടെ ഫലമായി എത്ര ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം എത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1986 മേയ് 24-ാം തീയതി ഭാഗികമായി കമ്മീഷൻ ചെയ്യപ്പെട്ടു.

(ബി) ഈ പദ്ധതിക്കുവേണ്ടി 9/86 വരെ 18142.76 ലക്ഷം രൂപ ചെലവായി.

(സി) പ്രസ്തുത പദ്ധതിയുടെ ഫലമായി 61630 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം എത്തിക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly